▪ അനുസ്മരണം ▪

# പുത്തൻപുരയിൽ മുഹമ്മദ്

**അഴിയൂരിലെ** പുത്തൻപുരയിൽ മുഹമ്മദ് (65) ഏപ്രിൽ 10-ന് നമ്മെ വിട്ടുപിരിഞ്ഞു - *ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.*

ദീർഘകാലം ചെന്നൈ എവറെഡി കമ്പനിയിൽ ജോലി ചെയ്തിരുന്നു. ചെന്നൈ വണ്ണാർപേട്ട് ജമാഅത്തെ ഇസ്‌ലാമി ഘടകത്തിലെ കാർകുൻ ആയിരുന്നു. അനുഷ്ഠാന കാര്യങ്ങളിൽ അദ്ദേഹം പുലർത്തിയ കൃത്യനിഷ്ഠയും നിതാന്ത ജാഗ്രതയും തികച്ചും മാതൃകാപരമായിരുന്നു.

നാട്ടിൽ തിരിച്ചെത്തിയ മുഹമ്മദ് സാഹിബ് പ്രമേഹ രോഗത്തിന്റെ പ്രയാസങ്ങൾ അനുഭവിക്കുമ്പോഴും അഴിയൂരിലെ പ്രവർത്തനങ്ങളുമായും ഐഡിയൽ കൾച്ചറൽ സെന്ററുമായും സഹകരിച്ചിരുന്നു. ചെന്നൈയിലെ പലരും പരേതനെ വളരെ സ്നേഹാദരപൂർവമാണ് ഓർക്കുന്നത്. അച്ചടക്കമുള്ള ലളിത ജീവിതത്തിനുടമയായിരുന്നു. ഭാര്യയും മൂന്ന് ആൺമക്കളുമുണ്ട്. മുഹമ്മദ് സാഹിബിന് ജഗന്നിയന്താവായ അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ - ആമീൻ

**പി.പി അബ്ദുർറഹ്മാൻ പെരിങ്ങാടി**